**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം –കൊല്ലം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ജി.സാബുവിന്റെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2028/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 19.06.2017

---

പരാമർശം :

1. 13/04/1987 ലെജി.ഒ.(എം.എസ്)നം.162/87/ തസ്വഭവ
2. 07/06/89 ലെ ജി.ഒ.(എം.എസ്)നം.55/89/തസ്വഭവ
3. 12/9/06 ലെ ജി.ഒ.(എം.എസ്)നം.211/06/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ 20.01.2016 തീയതിയിലെ ഇ 5-16467/2016 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കൊല്ലം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയ ശ്രീ.ജി.സാബു 11.02.2003 ന് മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് കേരളാ വനംവകുപ്പിൽ ഗാർഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച 01.03.2001 മുതൽ 11.02.2003 വരെയുള്ള കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം(1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും 11/09/2006 നും മദ്ധ്യേ ആയതിനാലും ശ്രീ ജി . സാബു 11.02.2003 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും ടിയാൾ കേരളാ വനംവകുപ്പിൽ ഗാർഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച 01.03.2001 മുതൽ 11.02.2003 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ് കണക്കിലെടുത്ത് മുൻസിപ്പൽ കോമൺ സർവീസിൽ പ്രവേശിച്ച തീയതിയിൽ ശമ്പള നിർണയം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സന്തോഷ് വി എസ്**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.